# മോശമായ സംസ്ഥാന വാർഷിക പദ്ധതി നടത്തിപ്പ് : കാരണങ്ങളും പരിഹാരങ്ങളും

ഡോ. ബി. എ പ്രകാശ്

2016-17 ലെ സംസ്ഥാന പദ്ധതി നടത്തിപ്പ് വളരെ മോശമാണെന്നാണ് ലഭ്യമായ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. സംസ്ഥാന വാർഷികപദ്ധതി പ്രധാനമായും രണ്ടിനങ്ങൾ ചേർന്നതാണ് - സംസ്ഥാന പദ്ധതിയും, തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിയും. 2016-17 ൽ സംസ്ഥാനപദ്ധതി അടങ്കൽ 18500 കോടി രൂപയും, തദ്ദേശസ്ഥാപനങ്ങളുടെത് 5500 കോടി രൂപയും ആണ്. 2017 മാർച്ച് മാസം 30 വരെ സംസ്ഥാന പദ്ധതിയുടെ 58 ശതമാനവും, തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിയുടെ 52 ശതമാനവും ചെലവഴിച്ചതായി റിപ്പോർട്ടുകൾ ഉണ്ട്. സാമ്പത്തിക വർഷം അവസാനിയ്ക്കാൻ ഒരു ദിവസം മാത്രം ബാക്കി നിൽക്കെ ഈ രീതിയിലുള്ള പദ്ധതി നടത്തിപ്പ് ഏത് മാനദണ്ഡം വച്ച് നോക്കിയാലും മോശമാണ്. ഈ സാഹചര്യത്തിൽ ഇതിന്റെ കാരണങ്ങൾ പരിശോധിക്കുകയും, ഇത് പരിഹരിയ്ക്കാൻ ചില നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയുമാണ് ഈ ലേഖനത്തിൽ.

ഒന്ന്. ഒരു വർഷം സമയമുണ്ടായിട്ടും വാർഷിക പദ്ധതിയിലെ പ്രോജക്ടുകളിൽ ഭൂരിഭാഗവും നടത്തി തുടങ്ങുന്നത് സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്നുമാസങ്ങളിലാണ്. സംസ്ഥാന വാർഷിക പദ്ധതിയുടെ മൊത്തം തുകയിൽ 2016 നവംബർ വരെ ചെലവാക്കിയത് 32 ശതമാനം തുകയാണ്. 2017 മാർച്ച് 30 വരെ ചെലവാക്കിയത് 58 ശതമാനം മാത്രം. വൻകിട അടിസ്ഥാന ഘടകപദ്ധതികളുടെ ചെലവും വളരെ മോശമാണ്.

രണ്ട്. മുൻവർഷത്തെക്കാൾ 2016-17 ൽ ധനപ്രതിസന്ധി രൂക്ഷമായതും, നിത്യ നിദാന ചെലവുകൾ കഴിഞ്ഞ് പദ്ധതി നടത്തിപ്പിന് പണമില്ലാത്ത അവസ്ഥയുണ്ടാകുകയും ചെയ്തതാണ് പദ്ധതി നടത്തിപ്പ് മോശമായതിന്റെ പ്രധാന കാരണം. ബജറ്റിലെ കണക്കുകൾ അനുസരിച്ച് 2016-17 ൽ റവന്യൂ കമ്മി, ധനകമ്മി, പൊതുകടത്തിന്റെ തോത് എന്നിവ മുൻവർഷത്തെക്കാൾ വർദ്ധിച്ചു. സംസ്ഥാനം അഭിമുഖീകരിയ്ക്കുന്ന സാമ്പത്തിക മാന്ദ്യവും, നോട്ട് നിരോധനത്തിന്റെ പ്രത്യാഘാതങ്ങളും ധനസ്ഥിതി രൂക്ഷമാക്കുന്നതിനു ഇടയാക്കിയിട്ടുണ്ട്.

മൂന്ന്. വിഭവങ്ങളുടെ ലഭ്യത പരിഗണിയ്ക്കാതെ ഊതിപ്പെരുപ്പിച്ച വാർഷികപദ്ധതി രൂപീകരണമാണ് മോശമായ പദ്ധതി നടത്തിപ്പിന്റെ മറ്റൊരു കാരണം. സംസ്ഥാന വാർഷികപദ്ധതി പ്രവർത്തനങ്ങളെ പരിശോധിച്ച എല്ലാ സമിതികളുടെയും നിഗമനം ഇതാണ്. മുൻ സർക്കാർ പ്രഖ്യാപിച്ച വാർഷിക പദ്ധതിയേക്കാൾ വലിയ പദ്ധതി പ്രഖ്യാപിയ്ക്കുന്നതാണ് സംസ്ഥാനത്തെ രാഷ്ട്രീയമുന്നണികളുടെ ധനരാഷ്ട്രീയം. സംസ്ഥാനം രൂക്ഷമായ ധനപ്രതിസന്ധിയിലും, നിത്യനിദാന ചെലവുകൾക്ക് പോലും വായ്പയെ ആശ്രയിക്കുന്ന സ്ഥിതിയാണെന്നുമുള്ളത് സർക്കാർ കണക്കിലെടുത്തില്ല.

നാല്. സാമ്പത്തിക വർഷം (ഏപ്രിൽ ഒന്ന്) തുടങ്ങുന്നതിന് മുൻപ് ബജറ്റ് പാസാക്കാത്ത പതിവ് പദ്ധതി നടത്തിപ്പിന്റെ താളം തെറ്റിയ്ക്കുന്നു. ഇത് യാദൃശ്ചികമായി നടക്കുന്ന ഒന്നല്ല. സർക്കാർ പദ്ധതി ചെലവുകൾ സാമ്പത്തിക വർഷത്തിന്റെ ആദ്യ മാസങ്ങളിൽ നടത്താതിരിയ്ക്കാനുള്ള ഒരു സൂത്രപണിയാണ്. മാർച്ച് മാസാവസാനത്തിന് മുൻപ് ബജറ്റ് പാസാക്കിയാൽ മാത്രമേ സാമ്പത്തികവർഷാരംഭം മുതൽ സർക്കാർ വകുപ്പുകൾക്ക് വാർഷിക പദ്ധതികളിൽ ഉൾപ്പെടുന്ന പ്രോജക്ടുകൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിയ്ക്കാൻ കഴിയൂ.

അഞ്ച്. നിത്യനിദാന ചെലവുകൾ കഴിഞ്ഞ് മിച്ചം പണമുണ്ടോയെന്നു നോക്കിയിട്ടാണ് ധനവകുപ്പ് പ്രധാന പ്രോജക്ടുകൾ നടപ്പിലാക്കാൻ ഭരണാനുമതിയും, ചെലവ് നടത്താൻ അനുമതിയും നൽകുന്നത്. ഇതുമൂലം പ്രോജക്ടുകൾക്കുള്ള ഭരണാനുമതി കിട്ടാൻ വളരെ വൈകുകയും പദ്ധതിനടത്തിപ്പ്, സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലേക്ക് നീണ്ടു പോകുകയും ചെയ്യുന്നു. പ്രോജക്ടുകളുടെ ബില്ലുകൾ പാസ്സാക്കിയെടുക്കാൻ ട്രഷറിയിൽ ഏർപ്പെടുത്തിയിരിയ്ക്കുന്ന കടുത്ത നിയന്ത്രണങ്ങൾ പ്രോജക്റ്റ് നടത്തിപ്പ് തടസ്സപ്പെടുത്തുന്നു. നിത്യനിദാന ചെലവുകൾക്കുള്ള ബില്ലുകൾ മുന്തിയ പരിഗണന നൽകി പാസ്സാക്കുമ്പോൾ, പദ്ധതി തുകയ്ക്കുള്ള ബില്ലുകൾ ഓരോ തടസ്സങ്ങൾ പറഞ്ഞ് പാസ്സാക്കാതിരിയ്ക്കാൻ ശ്രമിക്കുന്നു. തനത് നികുതി വരുമാനത്തിന്റെ സിംഹഭാഗവും സാമ്പത്തിക വർഷത്തിന്റെ അവസാന പാദങ്ങളിലാണ് ലഭിക്കുന്നത്. തൻമൂലം ചെലവ് അവസാന പാദത്തിലേക്ക് നീട്ടിവയ്ക്കാൻ ധനവകുപ്പ് പല മാർഗങ്ങളും പ്രയോഗിയ്ക്കുന്നു.

ആറ്. മെച്ചപ്പെട്ട പ്രോജക്ടുകളും, സ്കീമുകളും തയ്യാറാക്കാനുള്ള സാങ്കേതികജ്ഞാനമുള്ള ഉദ്യോഗസ്ഥർ ഭൂരിഭാഗം സർക്കാർ വകുപ്പുകളിലും ഇല്ലാത്തത് പ്രോജക്ടുകളുടെ രൂപീകരണത്തെയും, നടത്തിപ്പിനെയും മോശമാക്കുന്നു. വിശദമായ പ്രൊജക്റ്റ് രൂപീകരിക്കാതെ ഊഹകണക്കുകളുടെയും, പ്രാഥമികവിലയിരുത്തലുകളുടെയും അടിസ്ഥാനത്തിലാണ് മിക്ക പ്രോജക്ടുകളുടെയും എസ്ടിമേറ്റ് ബജറ്റിൽ ഉൾപ്പെടുത്താറുള്ളത്. ഭൂരിഭാഗം പ്രോജക്ടുകളും ഭരണാനുമതിക്ക് വേണ്ടി അപേക്ഷിക്കുന്ന ഘട്ടത്തിലാണ് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നത്. പ്രോജക്ടുകൾ തയ്യാറാക്കാൻ വേണ്ട സാങ്കേതികജ്ഞാനം വകുപ്പുകൾക്ക് ഇല്ലെങ്കിലും ഇതിന് പ്രത്യേക ഏജൻസികളെ സമീപിക്കുന്ന ഏർപ്പാടും അനുവർത്തിക്കുന്നില്ല. ഈ കാരണങ്ങളാൽ പ്രോജക്റ്റ് തയ്യാറാക്കൽ ഒരു കീറാമുട്ടിയായി അവശേഷിക്കുന്നു.

ഏഴ്. രാഷ്ട്രീയ പാർട്ടികളും മുന്നണികളും അസംബ്ലി തെരഞ്ഞെടുപ്പ് കാലത്ത് നാടിന്റെ വികസനമാണ് ഞങ്ങളുടെ ലക്ഷ്യമെന്നു പറഞ്ഞ് പ്രകടന പത്രിക ഉണ്ടാക്കുകയും, പ്രചരണം നടത്താറുമുണ്ട്. എന്നാൽ ഒരു സർക്കാർ അധികാരത്തിൽ വന്നാൽ സർക്കാർ കാര്യം മുറപോലെ എന്നതിൽ കവിഞ്ഞ് മന്ത്രിമാർ, വാർഷികപദ്ധതി രൂപീകരണത്തിനോ, നടത്തിപ്പിനോ ഒരു പ്രാധാന്യവും നൽകാറില്ല. മന്ത്രി തലത്തിൽ പദ്ധതികൾ എത്രത്തോളം നടന്നുവെന്ന് പരിശോധിക്കുന്നത് പോലും

സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ്. തെരഞ്ഞെടുപ്പ് കാലത്തും, ബജറ്റ് അവതരണ കാലത്തും രാഷ്ട്രീയ പ്രചാരണത്തിനുള്ള ഒന്നായി മാത്രമേ രാഷ്ട്രീയ പാർട്ടികൾ വാർഷിക പദ്ധതിയെ കാണുന്നുള്ളൂ.

പദ്ധതി നടത്തിപ്പ് മെച്ചപ്പെടുത്താൻ ചില നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നു. 1). ധനപ്രതിസന്ധി പരിഹരിച്ചും, റവന്യൂ കമ്മി കുറച്ചും വാർഷിക പദ്ധതികൾക്ക് കൂടുതൽ വിഭവങ്ങൾ കണ്ടെത്തുക. 2). ഊതിപ്പെരുപ്പിച്ച വാർഷിക പദ്ധതികളുടെ സ്ഥാനത്ത് വിഭവങ്ങളുടെ ലഭ്യതയുടെ അടിസ്ഥാനത്തിലുള്ള വാർഷികപദ്ധതികൾ രൂപീകരിക്കുക. 3). സാമ്പത്തിക വർഷം തുടങ്ങുന്നതിന് മുൻപ് തന്നെ സംസ്ഥാന ബജറ്റ് നിർബന്ധമായും പാസ്സാക്കുക. 4). പ്രോജക്ടുകൾ നടപ്പിലാക്കാനുള്ള ഭരണാനുമതി, സാങ്കേതികാനുമതി തുടങ്ങിയവയുടെ നടപടിക്രമങ്ങൾ ലളിതവത്ക്കരിക്കുക. 5). വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട ബില്ലുകൾ പാസ്സാക്കുന്നതിൽ ട്രഷറിയിൽ ഏർപ്പെടുത്തിയിരിയ്ക്കുന്ന നിയന്ത്രണങ്ങൾ മാറ്റുകയോ, ലഘൂകരിയ്ക്കുകയോ ചെയ്യുക. 6). പദ്ധതി നടത്തിപ്പും അവയുടെ പണം നൽകലും സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിലേക്ക് നീട്ടുന്ന സമ്പ്രദായം മാറ്റുക. 7). മെച്ചമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാനുള്ള സംവിധാനങ്ങൾ വകുപ്പുകളിൽ ഉണ്ടാക്കുക. അല്ലാത്തപക്ഷം പ്രത്യേക ഏജൻസികളെ ഏൽപ്പിക്കുക. 8). വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾ സമയബന്ധിതമായും, കാര്യക്ഷമമായും നടപ്പിലാക്കാൻ ഭരണസംവിധാനങ്ങളിലും, നടപടിക്രമങ്ങളിലും മാറ്റം വരുത്തുക. 9). പദ്ധതി രൂപീകരണത്തിന്റെയും, നടത്തിപ്പിന്റെയും ഉത്തരവാദിത്വം വകുപ്പ് മേധാവിമാർക്കും, ജില്ലാതല ഉദ്യോഗസ്ഥർക്കും നൽകുക. ഇതിൽ വീഴ്ച്ച വരുത്തുന്നവരുടെ മേൽ കർശനമായ നടപടികൾ സ്വീകരിയ്ക്കുക. 10). മോശമായ പദ്ധതി നടത്തിപ്പിന്റെ ഉത്തരവാദിത്വം മന്ത്രിമാർ ഏറ്റെടുത്ത് സ്ഥാനം ഒഴിയുക.